**കേരള സർക്കാർ**

**സംഗ്രഹം**

ന്യൂനപക്ഷ ക്ഷേമം - പാലൊളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ -മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്ന പദ്ധതി - തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്**

**സ.ഉ.(കൈ)നം.38/2009/പൊഭവ** **തിരുവനന്തപുരം, തീയതി:12.2.09.**

---

പരാമർശം:- 1) 22.4.2008 ലെ ജി.ഒ (എം.എസ്) 137/2008/ജിഎഡി നമ്പർ സർക്കാർ ഉത്തരവ്.

2) 16.8.2008 ലെ സ.ഉ(കൈ) 278/2008/പൊഭവ നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിററിയുടെ ശുപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയററിൽ പൊതുഭരണ വകുപ്പിന്റെ കീഴിൽ ഒരു ന്യൂനപക്ഷ സെൽ രൂപീകരിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പാലൊളി മുഹമ്മദ് കുട്ടി കമ്മിററിയുടെ ശുപാർശകളനുസരിച്ച് മദ്രസ്സാദ്ധ്യാപകർക്ക് ഏർപ്പെടുത്തിയ ക്ഷേമനിധി പെൻഷൻ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതാണെന്ന് പരാമർശം രണ്ട് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

2. പാലൊളി മുഹമ്മദ് കുട്ടി കമ്മിററിയുടെ ശുപാർശകളനുസരിച്ച് മദ്രസ്സാദ്ധ്യാപകർക്ക് ഏർപ്പെടുത്തിയ ക്ഷേമനിധി പെൻഷൻ പദ്ധതിയുടെ നടത്തിപ്പിനായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ (രൂപ) |
|---|---|---|---|
| 1 | മാനേജർ | 1 | 10,790 - 18,000 |
| 2 | അക്കൗണ്ടന്റ് | 1 | 6,650 - 10,790 |
| 3 | അസിസ്റ്റന്റ് | 2 | 6,650 - 10,790 |
| 4 | പ്യൂൺ | 1 | 4,510 - 6,230 |

3. ക്ഷേമനിധി പെൻഷൻ ഓഫീസ് കോഴിക്കോട് സംസ്ഥാന ഹജ്ജ് ഹൗസിൽ പ്രവർത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്. ടി തസ്തികകൾ പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പിന്റെ കീഴിൽ നിലനിൽക്കുന്നതും ന്യൂനപക്ഷ ക്ഷേമ വകുപ്പിന് രൂപം നൽകുന്ന മുറയ്ക്ക് ഈ തസ്തികകൾ അതിനു കീഴിൽ ഉൾപ്പെടുത്തുന്നതുമായിരിക്കും. സ്ഥിരമായൊരു സംവിധാനം നിലവിൽ വരുന്നതുവരെ പ്രസ്തുത തസ്തികകളിലേക്ക് സെക്രട്ടേറിയററിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതാണ്.

4. ഇതിലേയ്ക്കാവശ്യമായ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ "2225-03-800-93" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

5. ടി ആവശ്യത്തിന് വേണ്ടി വരുന്ന തുക ചട്ടപ്രകാരം ആവശ്യപ്പെടുന്ന മുറയ്ക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ടി ശീർഷകത്തിൽ നിന്നും മാറി നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ.പി.പ്രഭാകരൻ,**

**അഡീഷണൽ ചീഫ് സെക്രട്ടറി.**

എക്സിക്യൂട്ടീവ് ഓഫീസർ, സംസ്ഥാന ഹജ്ജ് ഹൗസ്, കോഴിക്കോട്.
(ജില്ലാ കളക്ടർ, മലപ്പുറം)
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.
പൊതുഭരണ സർവ്വീസസ് (എ/ഇ/സി) വകുപ്പ്.
പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്.
ധനകാര്യ വകുപ്പ് (23.01.2009 ലെ 88821/ WW1/08/ഫിൻ, 7.2.09 -ലെ 9463/WW1/09/ധന എന്നിവ പ്രകാരം).
ആഭ്യന്തര (എഫ്) വകുപ്പ്.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**